# ഡി.സി.എ കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1 വിദ്യാർത്ഥികൾക്ക് www.scolekerala.org എന്ന വെബ് സൈറ്റ് വഴി അപേക്ഷിക്കാവുന്നതാണ്.

2 അപേക്ഷയിൽ എസ്.എസ്.എൽ.സി രജിസ്റ്റർ നമ്പറും പാസായവർഷവും ജനനതീയതിയും, ബോർഡിന്റെ പേരും നൽകുന്ന മുറയ്ക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലുള്ള details display ചെയ്യുന്നതായിരിക്കും. വിവരങ്ങൽ retrieve ചെയ്തില്ലെങ്കിൽ മേൽപ്പറഞ്ഞ വിവരങ്ങൾ നേരിട്ട് ആപ്ളിക്കേഷൻ ഫോമിൽ നൽകുവാൻ സാധിക്കും. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ തുടങ്ങിയ മറ്റ് ബോർഡുകളിൽ നിന്നും തത്തുല്യ യോഗ്യത നേടിയവർക്കും ഇത്തരത്തിൽ വിവരങ്ങൾ നൽകുവാൻ സാധിക്കും.

3 ആപ്ളിക്കേഷനിൽ ആവശ്യപ്പെട്ടിട്ടുള്ള ഫോൺ നമ്പറുകൾ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുക. പ്രസ്തുത നമ്പറുകളിലാണ് സ്കോൾ-കേരളയിൽ നിന്ന് വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ ലഭ്യമാകുന്നത്.

4 വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള 5 പഠനകേന്ദ്രങ്ങൾ മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാം.

5 **രജിസ്റ്റർ ചെയ്യുന്ന സമയക്രമം അനുസരിച്ചാണ് പ്രവേശനത്തിന് പരിഗണിക്കുന്നത്. ഇപ്രകാരം ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം അഡ്മിഷനൻ ലഭിക്കുന്നതാണ്.**

6 അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ച ശേഷം Submit button അമർത്തുക. ഈ സമയം നിങ്ങൾ കൊടുത്ത വിവരങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇതിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ Edit button press ചെയ്ത് നൽകിയ വിവരങ്ങളിലെ തെറ്റുകൾ തിരുത്താവുന്നതാണ്. തെറ്റുകൾ ഇല്ലെങ്കിൽ നിങ്ങൾക്ക് confirm button അമർത്തി അപേക്ഷ Confirm ചെയ്യാവുന്നതാണ്. ഇതിനു ശേഷം കാണുന്ന ആപ്ളിക്കേഷൻ പ്രിന്റ് ഔട്ട് ബട്ടൺ അമർത്തി പ്രിന്റ് ചെയ്യാവുന്നതാണ്.

7 ആപ്ളിക്കേഷൻ ഫോമിന്റെ hard copy യോടൊപ്പം സീറ്റ് ഉറപ്പായവർക്ക് എസ്.ബി.ടി ചെലാൻ കൂടി പ്രിന്റ് ചെയ്ത് വരുന്നതായിരിക്കും. ഇത്തരത്തിൽ വരുന്ന ചെലാന്റെ കോപ്പി എടുത്ത് നിശ്ചിത തീയതിക്കുള്ളിൽ ഏതെങ്കിലും എസ്.ബി.ടി ബാങ്കിൽ ഫീസ് അടക്കേണ്ടതാണ്. അതിനുശേഷം ബാങ്കിൽ നിന്നും സീൽ പതിപ്പിച്ചു നൽകുന്ന ചെലാൻ ആപ്ളിക്കേഷന്റെ കൂടെ യോഗ്യതാ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി നിങ്ങൾക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാകേന്ദ്രം പ്രിൻസിപ്പാൾ/കോഡിനേറ്റിംഗ് ടീച്ചർ നെ ഏൽപ്പിക്കേണ്ടതാണ്.

8 വിദ്യാർത്ഥികൾ ഹാജരാക്കുന്ന അപേക്ഷാഫാറം സൂക്ഷ്മമായി പരിശോധിച്ച് വിദ്യാർത്ഥികളുടെ ഫോട്ടോ കോഡിനേറ്റിംഗ് ടീച്ചർ ഉറപ്പ് വരുത്തി അറ്റസ്റ്റ് ചെയ്യേണ്ടതാണ്. എന്നാൽ നിശ്ചിത സീറ്റുകൾക്ക് അധികം വരുന്ന വിദ്യാർത്ഥികളെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ആയത്

പ്രിന്റ് ഔട്ടിനോടൊപ്പം അറിയിക്കുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സീറ്റ് ലഭ്യതയ്ക്ക് അനുസരിച്ച് നിശ്ചിതസമയം കഴിഞ്ഞ് അലോട്ട് ചെയ്യുന്നതായിരിക്കും. ഇങ്ങനെ അലോട്ട് ചെയ്യുന്ന വിദ്യാർത്ഥികൾ കോഡിനേറ്റിംഗ് ടീച്ചർ/ഡിസ്ട്രിക്റ്റ് സെന്റർ, അലോട്ട്മെന്റ് വിവരം അറിയിക്കുമ്പോൾ മാത്രം ഫീസ് അടച്ചാൽ മതിയാകും. അവർ ഫീസ് അടച്ച ശേഷം മാത്രം ആവശ്യമായ രേകകൾ സഹിതം ചെലാന്റെ അസൽ രസീതിനോടൊപ്പം അലോട്ട് മെന്റ് ലഭിച്ച പഠനകേന്ദ്രത്തിൽ എത്തിച്ച് സീറ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

9 പഠനകേന്ദ്രം പ്രിൻസിപ്പാൾ/കോഡിനേറ്റിംഗ് ടീച്ചർ -ന്റെ നിർദ്ദേശങ്ങൾ വിദ്യാർത്ഥികൾ കർശനമായി പാലിച്ചിരിക്കണം.

10 വിശദവിരങ്ങൾക്കായി ജില്ലാകേന്ദ്രങ്ങളിലോ/സ്കൂൾ കോഡിനേറ്റർമാരെയോ സമീപിക്കാവുന്നതാണ്.

| | | |
|---|---|---|
| **ഓൺലൈൻ അപേക്ഷ തുടങ്ങുന്ന തീയതി** | : | **04.06.2016** |
| **ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി** | : | **30.06.2016** |
| **സപ്ലീമെന്ററി അലോട്ട്മെന്റിനുള്ള തീയതി** | : | **05.07.2016** |